# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1689 — 17.06.2013 ന് മറുപടിക്ക്

**ഭരണഭാഷ മാതൃഭാഷ**

ചോദ്യം — ഉത്തരം

ശ്രീ. കെ. എം. ഷാജി — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പി.എസ്.സി.യുടെ മുഴുവൻ ടെസ്റ്റുകളും മലയാളത്തിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മുഴുവൻ ടെസ്റ്റുകളും മലയാളത്തിൽ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഓരോ ടെസ്റ്റിന്റെയും സ്വഭാവവും, സാഹചര്യവും വിലയിരുത്തിയാണ് ഏതു ഭാഷയിൽ നടത്തണമെന്ന് തീരുമാനിക്കുന്നത്. |
| (ബി) | നിലവിൽ 10-ാംക്ലാസ്സ് യോഗ്യതയായി വരുന്ന തസ്തികകളിലേയ്ക്കുള്ള ടെസ്റ്റുകൾ പി.എസ്.സി. മലയാളത്തിലാണ് നടത്തിവരുന്നത്. ഡിഗ്രി യോഗ്യതയായി വരുന്ന തസ്തികകൾ വരെ മലയാളത്തിൽ ടെസ്റ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വ്യത്യസ്ത തരം യോഗ്യത വേണ്ടുന്ന തസ്തികകൾക്ക് വ്യത്യസ്ത രീതിയിലുള്ള പരീക്ഷാ രീതികൾ അവലംബിക്കേണ്ടതിനാൽ മലയാളത്തിൽ ടെസ്റ്റുകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. മലയാളഭാഷയിൽ ഉദ്യോഗസ്ഥർക്കുള്ള പ്രാവീണ്യം പരിശോധിക്കുന്നതിനാവശ്യമായ വിധത്തിൽ ചോദ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പത്താം ക്ലാസിനുമേൽ യോഗ്യതവേണ്ടുന്ന തസ്തികകളുടെ പരീക്ഷകൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തി വരുന്നത്. |
| (സി) | ശ്രേഷ്ഠ ഭാഷയായി അംഗീകരിക്കപ്പെട്ട മലയാളത്തെ പി.എസ്.സി. പരീക്ഷകൾ പൂർണ്ണമായി മലയാളത്തിൽ നടത്തി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഓരോ തസ്തികകൾക്കും നിശ്ചയിക്കപ്പെട്ട ചുമതല, ഉത്തരവാദിത്വം എന്നിവകൂടി കണക്കിലെടുത്ത് അതിന് അനുയോജ്യമായ രീതിയിലേ പരീക്ഷകൾ നടത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ